Circular: 2/Gen /2026


# മലങ്കര ഓർത്തഡോക്സ് സൺഡേസ്കൂൾ അസോസിയേഷൻ

**ദേവലോകം, കോട്ടയം – 686 004**

**Ph: 0481 2572890, website: ossaebodhanam.org, ossae.org, e-mail: dgossae@gmail.com**


## വിജ്ഞാപനം

ബഹുമാനപ്പെട്ട വൈദീകരെ, സഹപ്രവർത്തകരേ,

2026 വർഷത്തിലെ സൺഡേസ്കൂൾ അധ്യയനം, പരീക്ഷകൾ, സഹപാഠ്യമത്സരങ്ങൾ, OGOSS, OVBS, എന്നിവയാണ് ഈ വിജ്ഞാപനത്തിലെ പ്രതിപാദ്യവിഷയങ്ങൾ. സൺഡേസ്കൂൾ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുവാൻ പ്രവർത്തന സൂചികയായി ഈ സർക്കുലറിന്റെ കോപ്പി യൂണിറ്റുകളിൽ സൂക്ഷിക്കുകയും ബഹു. വികാരിക്കും സഹ വികാരിമാർക്കും അധ്യാപകർക്കും നൽകുകയും ചെയ്യണം.

## SCHEME OF WORK - 2026

| | ബേത്‌ലഹേം ജീസസ് കിഡ്സ് | നസ്രത്ത് ക്ലാസ് 1,2,3 | ഗലീലി ക്ലാസ് 4,5,6,7 | യരുശലേം ക്ലാസ് 8,9 | യരുശലേം ക്ലാസ് 10 | താബോർ ക്ലാസ് 11 | താബോർ ക്ലാസ് 12 |
|---|---|---|---|---|---|---|---|
| ജനുവരി | പാഠം 1 | പാഠം 1,2 | പാഠം 1,2 | പാഠം 1,2,3 | പാഠം 1,2,3 | യൂണിറ്റ് 1 വേദപുസ്തക പഠനം | യൂണിറ്റ് 1 |
| ഫെബ്രുവരി | പാഠം 2 | പാഠം 3,4 | പാഠം 6,7 | പാഠം 6,7,8 | പാഠം 4,5,6 | | |
| മാർച്ച് | പാഠം 3,4 | പാഠം 5,11 | പാഠം 11,12,13 | പാഠം 11,12,13 | പാഠം 7,8,9 | യൂണിറ്റ് 2 സഭാചരിത്രം | യൂണിറ്റ് 2 |
| ഏപ്രിൽ | പാഠം 5 | പാഠം 12 | പാഠം 14,15 | പാഠം 14,15 | പാഠം 10 | | യൂണിറ്റ് 7 |
| മെയ് | പാഠം 6 | പാഠം 14,16 | പാഠം 16,18 | പാഠം 16,20,22 | പാഠം 11,12,13,14 | ഉപപാഠ പുസ്തകം ആദ്യ 5 പാഠങ്ങൾ | |
| ജൂൺ | പാഠം 7 | പാഠം 18,20 | പാഠം 20,22 | പാഠം 25,28 | പാഠം 15 പ. പരുമല തിരുമേനി | | |
| അർദ്ധവാർഷികപ്പരീക്ഷ | | | | | | | |
| ജൂലൈ | പാഠം 8 | പാഠം 6,7,8 | പാഠം 3,4,5 | പാഠം 4,5 | പാഠം 16,17,18,19 | യൂണിറ്റ് 3 | യൂണിറ്റ് 3 |
| ഓഗസ്റ്റ് | പാഠം 9,10 | പാഠം 9,10 | പാഠം 8,9,10 | പാഠം 9,10 | പാഠം 20,21,22 | യൂണിറ്റ് 4 | യൂണിറ്റ് 4 |
| സെപ്റ്റംബർ | പാഠം 11, 12 | പാഠം 13,15 | പാഠം 17,19,21 | പാഠം 17,18,19 | പാഠം 23,24,25 | യൂണിറ്റ് 5 | യൂണിറ്റ് 5 |
| ഒക്ടോബർ | പാഠം 13,14 | പാഠം 17,19 | പാഠം 23,24 | പാഠം 21,23,24,26 | പാഠം 26,27,28 | യൂണിറ്റ് 6 | യൂണിറ്റ് 6 |
| നവംബർ | പാഠം 15 | പാഠം 21 | പാഠം 25 | പാഠം 27,29,30 | പാഠം 29,30 പ. വട്ടശ്ശേരിൽ തിരുമേനി | ഉപപാഠ പുസ്തകം ബാക്കി | |
| ഡിസംബർ | പരീക്ഷ ഇല്ല | വാർഷിക പരീക്ഷ | | | | | |

## വാർഷിക അധ്യയന പദ്ധതി (Annual Study Plan)യും പരീക്ഷകളും

എഴുത്തുപരീക്ഷയുടെ ആവശ്യകത അധ്യാപകരും മാതാപിതാക്കളും നിർദ്ദേശിച്ചതനുസരിച്ച്, 2024 ഡിസംബർ 14 നു നടന്ന എക്സിക്യൂട്ടീവ് കമ്മിറ്റി പരീക്ഷകൾ പുനഃക്രമീകരിച്ചിട്ടുണ്ട്. അതനുസരിച്ചുള്ള പുനഃക്രമീകരണം ചുവടെ ചേർക്കുന്നു.

1. **1 മുതൽ 4 വരെയുള്ള ക്ലാസ്സുകളിൽ പരീക്ഷാരീതികളിൽ യാതൊരു മാറ്റവുമില്ല. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കും വാർഷിക പരീക്ഷയുടെ മാർക്കും കൂട്ടി ഗ്രേഡ് നിശ്ചയിക്കാം.**
2. **5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിൽ** അർദ്ധവാർഷിക പരീക്ഷ **ഓഫ്‌ലൈനായും വാർഷിക പരീക്ഷ ഓൺലൈനായുമാണ് നടക്കുന്നത്.** രണ്ടിനും ചോദ്യങ്ങൾ കേന്ദ്ര

ത്തിൽനിന്നും നൽകും. ചോദ്യങ്ങൾ തയ്യാറാക്കുന്നത് 'പരീക്ഷാ ബോർഡിന്റെയും' എക്സിക്യൂട്ടീവ് കമ്മിറ്റിയുടെയും തീരുമാനപ്രകാരം വിവിധ ഭദ്രാസനങ്ങളിൽനിന്നുള്ള സൺഡേസ്കൂൾ അധ്യാപകർ ആയിരിക്കും.

അർദ്ധവാർഷിക പരീക്ഷയിൽ ഉത്തരങ്ങൾ കുട്ടികൾ പേപ്പറിൽ എഴുതുകയും അധ്യാപകർ മൂല്യനിർണയം നടത്തുകയും വേണം. അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൾ അതതു യൂണിറ്റുകളിൽ സൂക്ഷിക്കുകയും വാർഷിക പരീക്ഷ യുടെ മാർക്കിന്റെ കൂടെ (out of 75) അർദ്ധവാർഷിക പരീക്ഷയുടെ പകുതി മാർക്കുകൂടി കൂട്ടി യൂണിറ്റുകളിൽ ഹെഡ്മാസ്റ്റർമാരുടെ നേതൃത്വത്തിൽ ഗ്രേഡ് നിശ്ചയിക്കുകയും ചെയ്യണം. ഓരോ കുട്ടിക്കും ലഭിച്ച മാർക്കു കേന്ദ്രത്തിലേക്കു നൽകേണ്ട ആവശ്യമില്ല. 5 മുതൽ 9 വരെ യുള്ള ക്ലാസ്സുകളിൽ A ഗ്രേഡും A+ ഗ്രേഡും ലഭിച്ച കുട്ടികൾക്ക് കേന്ദ്രതലത്തിൽ ഓൺലൈൻ ആയി MCQ മാതൃകയിൽ മത്സരപരീക്ഷ പതിവുപോലെ നടത്തുന്നതായിരിക്കും. **ആകെ മാർക്കിന്റെ 25% അർദ്ധവാർഷിക പരീക്ഷയുടെ മാർക്കും 75% വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കും കൂടി കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നു എന്നതാണ് അടിസ്ഥാന തത്വം.**

eg. അർദ്ധവാർഷിക പരീക്ഷയ്ക്ക് 40/50 മാർക്കും വാർഷിക ഓൺലൈൻ പരീക്ഷയ്ക്ക് 50/75 മാർക്കും കിട്ടുന്ന ഒരു കുട്ടി ആണെങ്കിൽ ആ കുട്ടിയുടെ ആകെ മാർക്ക് 20 + 50 = 70 ആയിരിക്കും. 70/100. അതനുസരിച്ച് ഗ്രേഡ് നിശ്ചയിക്കണം. അതായത്, B ഗ്രേഡ് ആയിരിക്കും കുട്ടിക്ക് ലഭിക്കുന്നത്.

**ഗ്രേഡ് നിർണയം:**

| | | | |
|---|---|---|---|
| A+ = 91-100 | A = 81-90 | B+ = 71-80 | B = 61-70 |
| C+ = 51-60 | C = 41-50 | D = 35-40 | E = 1-34 |

3. **10, 11, 12 ക്ലാസ്സുകൾ:** ഈ ക്ലാസ്സുകളിലും മേൽപറഞ്ഞ അടിസ്ഥാന തത്വം തന്നെയാണ് പ്രാവർത്തികമാക്കുന്നത്. **വാർഷിക പരീക്ഷയ്ക്ക് വിദ്യാർത്ഥികളുടെ പേര് രജിസ്റ്റർ ചെയ്യുമ്പോൾ മുൻ പാരഗ്രാഫിൽ പറഞ്ഞപ്രകാരം നടത്തുന്ന അർദ്ധവാർഷിക പരീക്ഷയ്ക്കു ലഭിച്ച മാർക്കു കൂടി നിർദ്ദിഷ്ട കോളത്തിൽ ഉൾപ്പെടുത്തേണ്ടതാണ്.** പ്രസ്തുത മാർക്കിന്റെ പകുതി മാർക്കു കൂടി വാർഷിക ഓൺലൈൻ പരീക്ഷയുടെ മാർക്കിന്റെ ഒപ്പം (75 Mark) കൂട്ടി ഗ്രേഡ് നിശ്ചയിക്കുന്നതാണ്. 11, 12 ക്ലാസ്സുകളിലെ മാർക്കുകൾ ഒരുമിച്ചു കൂട്ടി വേദപ്രവീൺ ഡിപ്ലോമാ പരീക്ഷയുടെ ഗ്രേഡ് നിശ്ചയിക്കുന്നതുകൊണ്ട് ആകെ മാർക്ക് 200 ആയിരിക്കും. **പ്രോജക്ട്, ഓറിയന്റേഷൻ റിപ്പോർട്ട് എന്നിവ തുടർന്ന് പാഠ്യപദ്ധതിയുടെ ഭാഗമല്ല.** അർദ്ധവാർഷിക പരീക്ഷയുടെ മാർക്കുകൂടി പരിഗണിച്ച് ഗ്രേഡ് നിശ്ചയിക്കേണ്ടതുകൊണ്ട് ഓൺലൈൻ പരീക്ഷയുടെ റിസൾട്ട് അപ്പോൾതന്നെ അറിയുന്ന രീതി തുടരുന്നതല്ല. 10, 11, 12 ക്ലാസ്സുകളിലെ അർദ്ധവാർഷിക പരീക്ഷയുടെ ഉത്തരക്കടലാസുകൾ ഹെഡ്മാസ്റ്റർ സൂക്ഷിക്കുകയും ഡയറക്ടർമാർ ആവശ്യപ്പെടുന്നപക്ഷം ലഭ്യമാക്കുകയും ചെയ്യണം.

## മത്സരപരീക്ഷ

5 മുതൽ 9 വരെയുള്ള ക്ലാസ്സുകളിലെ മത്സര പരീക്ഷ, ഡിസംബർ 27 നു ഓൺലൈനായി നടക്കും. വാർഷിക പരീക്ഷയിൽ A / A+ ഗ്രേഡ് ലഭിച്ച കുട്ടികൾക്കു മാത്രമാണ് മത്സരപരീക്ഷയിൽ സംബന്ധിക്കുവാൻ അർഹതയുള്ളത്. റഗുലർ വിഭാഗത്തിൽ പരീക്ഷ എഴുതുന്ന വിദ്യാർത്ഥികൾക്ക് 50% ഹാജർ ഉണ്ടായിരിക്കണം.

## വേദപ്രവീൺ പ്രൈവറ്റ് പരീക്ഷ

വേദപ്രവീൺ പ്രൈവറ്റ് പരീക്ഷ 2026 മെയ് 31 ഞായറാഴ്ച നടത്തപ്പെടും. വേദപ്രവീൺ ഡിപ്ലോമ പാസായിട്ടില്ലാത്ത സൺഡേസ്കൂൾ അധ്യാപകർക്കും പത്താം ക്ലാസ് പാസ്സായിട്ടുള്ള മറ്റുള്ളവർക്കും ഈ പരീക്ഷയ്ക്കു ചേരാവുന്നതാണ്. 40 വയസ്സ് പൂർത്തിയായിട്ടുള്ള

വർക്ക് 10-ാം ക്ലാസ് പരീക്ഷ പാസ്സാകാതെയും ഈ പരീക്ഷ നേരിട്ട് എഴുതാവുന്നതാണ്. 11, 12 ക്ലാസ്സുകളിലെ പാഠഭാഗങ്ങൾ മുഴുവൻ ഉൾപ്പെടുത്തി 100 മാർക്കിന്റെ പരീക്ഷയായി രിക്കും നടക്കുക. ഈ വർഷം മുതൽ പ്രോജക്ട് റിപ്പോർട്ടും ഓറിയന്റേഷൻ ക്ലാസ് റിപ്പോർട്ടും ആവശ്യമില്ല. പ്രൈവറ്റായി വേദപ്രവീൺ പരീക്ഷ പാസാകുന്നത് സൺഡേസ്കൂൾ അധ്യാപ കരാകുവാനുള്ള മിനിമം യോഗ്യതയാണെങ്കിലും അവകാശമല്ല എന്നത് പരീക്ഷാർത്ഥികൾ ഓർക്കണം. സൺഡേസ്കൂൾ അധ്യാപകർ ഒന്നാം ക്ലാസ്സു മുതൽ പന്ത്രണ്ടാം ക്ലാസ്സു വരെ യുള്ള സൺഡേസ്കൂൾ കരിക്കുലത്തിൽ അധ്യയനം ലഭിച്ചവരും കരിക്കുലത്തെക്കുറിച്ച് അറിവുള്ളവരും ആകുന്നതാണ് അഭികാമ്യം.

## വിവിധ പരീക്ഷകളെ സംബന്ധിച്ച് അറിഞ്ഞിരിക്കേണ്ട തീയതികൾ

| | പേര് രജിസ്റ്റർ ചെയ്യേണ്ട തീയതി | | പരീക്ഷ നടക്കുന്ന തീയതി | സമയം |
|---|---|---|---|---|
| | From | To | | |
| ക്ലാസ് 12 പ്രൈവറ്റ് | March 15 | March 31 | മെയ് 31, 2026 | 2 pm |
| അർദ്ധവാർഷിക പരീക്ഷ | | | ജൂൺ 28, 2026 | 11 am |
| വേദപ്രവീൺ ഡിപ്ലോമ | October 12 | November 4 | നവംബർ 29, 2026 | 2 pm |
| ക്ലാസ് 10 | October 12 | November 4 | നവംബർ 29, 2026 | 2 pm |
| ക്ലാസ് 11 | October 12 | November 4 | നവംബർ 29, 2026 | 2 pm |
| വാർഷിക പരീക്ഷ 1-4 & 5-9 | | | ഡിസംബർ 6, 2026 | 11.30 am |
| മത്സര പരീക്ഷ ക്ലാസ് 5-9 | | | ഡിസംബർ 27, 2026 | 2.30 pm |
| OGOSS അർദ്ധവാർഷിക പരീക്ഷ | | | June 13, 14 | |
| OGOSS വാർഷിക പരീക്ഷ | | | December 12, 13 | |

# സഹപാഠ്യമത്സരങ്ങൾ

### 1. മത്സര തീയതികൾ

1. സ്കൂൾ തലം 2026 ആഗസ്റ്റ് 2, ഞായർ
2. ഡിസ്ട്രിക്ട് തലം 2026 സെപ്റ്റംബർ 12, ശനി
3. ഭദ്രാസന തലം 2026 ഒക്ടോബർ 10, ശനി
4. സോണൽ തലം 2026 നവംബർ 14, ശനി
5. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ 2027 ജനുവരി 9, ശനി

ഭദ്രാസന, സോണൽ തല മത്സരങ്ങൾ മുകളിൽ കൊടുത്തിരിക്കുന്ന തീയതികളിൽ തന്നെ നടത്തണം. സ്കൂൾ തല മത്സരം, അതത് യൂണിറ്റുകളുടെ സൗകര്യം അനുസരിച്ച് ഡിസ്ട്രിക്ട് മത്സരത്തിന് മുമ്പായി നടത്തണം. OGOSS സഹപാഠ്യ മത്സരങ്ങൾ ഓൺലൈൻ ആയി നടത്ത പ്പെടും. തീയതികൾ കോർഡിനേറ്റർ യൂണിറ്റുകളെ അറിയിക്കും.

### 2. ക്ലാസ്, വിഭാഗം, ജനനത്തീയതി

വിദ്യാർത്ഥി പ്രായമനുസരിച്ച് ഏത് വിഭാഗത്തിൽ ഉൾപ്പെടുന്നു എന്ന് യൂണിറ്റ് തലത്തിൽ കണ്ടെത്തണം. ആ വിഭാഗത്തിൽ മത്സരിക്കുവാൻ മാത്രമാണ് വിദ്യാർത്ഥിക്ക് അനുവാദമുള്ളത്. **എന്നാൽ ഹയർസെക്കണ്ടറി ഒരു പ്രത്യേക വിഭാഗമായി കണക്കാക്കുന്നതിനാൽ പ്രായ ത്തിന്റെ അടിസ്ഥാനത്തിൽ ഹയർ സെക്കൻഡറി വിഭാഗത്തിലുള്ളവർ മറ്റ് വിഭാഗത്തിലോ,**

**മറ്റു വിഭാഗത്തിൽ ഉള്ളവർ ഹയർ സെക്കൻഡറി വിഭാഗത്തിലോ മത്സരിക്കുവാൻ പാടില്ല. അതായത്, 11, 12 ക്ലാസ്സുകളിൽ പഠിക്കുന്നവർ ഹയർ സെക്കൻഡറി വിഭാഗത്തിൽ മാത്രമേ മത്സരിക്കാവൂ.** മറ്റു ക്ലാസ്സുകളിൽ ഉള്ളവർ ഈ വിഭാഗത്തിൽ മത്സരിക്കാൻ പാടില്ല. ഹയർ സെക്കൻഡറി വിഭാഗത്തിൽ ഒരു കുട്ടിക്ക് രണ്ട് തവണ മാത്രമേ മത്സരത്തിൽ പങ്കെടുക്കുവാൻ അവസരം ഉണ്ടായിരിക്കുകയുള്ളൂ. സഹപാഠ്യ മത്സരങ്ങളിൽ പങ്കെടുക്കുന്ന വിദ്യാർത്ഥികൾക്ക് അതതു ക്ലാസ്സുകളിൽ മത്സരദിവസം വരെ 50% ഹാജർ ഉണ്ടായിരിക്കണം. വളരെ അർഹിക്കുന്ന സാഹചര്യങ്ങളിൽ ഡയറക്ടർക്ക് ഇളവ് അനുവദിക്കാവുന്നതാണ്.

| വിഭാഗം | ജനനതീയതി |
|---|---|
| സബ് ജൂനിയർ | 01-01-2017 നോ അതിനു ശേഷമോ ജനിച്ചവർ |
| ജൂനിയർ | 01-01-2014 മുതൽ 31-12-2016 വരെ ജനിച്ചവർ |
| സീനിയർ | 01-01-2009 മുതൽ 31-12-2013 വരെ ജനിച്ചവർ |
| ഹയർ സെക്കണ്ടറി | 01-01-2007 നോ അതിനു ശേഷമോ ജനിച്ചവർ (ക്ലാസ് 11, 12) |

**3. മത്സര ഇനങ്ങൾ**

| | |
|---|---|
| സബ് ജൂനിയർ | പ്രസംഗം, സംഗീതം |
| ജൂനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| സീനിയർ | പ്രസംഗം, സംഗീതം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |
| ഹയർ സെക്കണ്ടറി | ഔഗേൻ ബാവ മെമ്മോറിയൽപ്രസംഗം, സമൂഹഗാനം, വേദവാക്യം, പൊതുവിജ്ഞാനം |

**4. പ്രസംഗമത്സരം: വിഷയങ്ങൾ**

സബ് ജൂനിയർ 1 ക്രിസ്തീയ കുടുംബം
2 വിശ്വാസം ഭവനത്തിൽ ആരംഭിക്കുന്നു.

ജൂനിയർ 1 അനുഗ്രഹീതരായിരിക്കാം.
2 വിശുദ്ധിയിൽ ജീവിക്കാം

സീനിയർ 'മാർതോമ്മാ ശ്ലീഹാ ഭാരതത്തിന്റെ അപ്പൊസ്തോലൻ' എന്ന പ്രധാന വിഷയത്തെ ആസ്പദമാക്കി പ്രത്യേക വിഷയം മത്സര സമയത്തു നൽകുന്നതാണ്

ഹയർ സെക്കണ്ടറി: ഔഗേൻ ബാവ മെമ്മോറിയൽ പ്രസംഗം: പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനെ സംബന്ധിക്കുന്ന ഒരു വിഷയം.

**പ്രസംഗ മത്സരം:** പ്രസംഗസമയം 5 മിനിറ്റായിരിക്കും. പ്രസംഗമത്സരങ്ങൾക്ക് വാണിങ് ബെല്ലും ഫൈനൽ ബെല്ലും നൽകണം. ഇവ നൽകുന്ന രീതിയും നൽകുന്ന സമയവും മത്സരം ആരംഭിക്കുന്നതിന് മുമ്പ് പങ്കെടുക്കുന്നവരെയും ജഡ്ജസിനെയും ബോധ്യപ്പെടുത്തണം. വാണിങ്ബെൽ ഫൈനൽ ബെല്ലിൽനിന്നും തികച്ചും വ്യത്യസ്തമായിരിക്കണം.

സീനിയർതല പ്രസംഗ മത്സരത്തിൽ മുകളിൽ കൊടുത്തിരിക്കുന്ന പ്രധാന വിഷയത്തിൽനിന്നും രൂപപ്പെടുത്തുന്ന ഒരു പ്രസംഗ വിഷയം മത്സരം ആരംഭിക്കുന്നതിന് **പത്തു മിനിറ്റ് മുമ്പ് മാത്രമായിരിക്കും** വിദ്യാർത്ഥിക്ക് നൽകുന്നത്.

പരിശുദ്ധ ഔഗേൻ ബാവ മെമ്മോറിയൽ പ്രസംഗമത്സരത്തിൽ യൂണിറ്റ് തലം മുതൽ ഈ വർഷം പരിശുദ്ധ പുലിക്കോട്ടിൽ ജോസഫ് മാർ ദിവന്നാസിയോസ് രണ്ടാമനെ (പുലിക്കോട്ടിൽ ഒന്നാമൻ) സംബന്ധിക്കുന്ന ഒരു വിഷയമായിരിക്കും ഹയർ സെക്കൻഡറി വിദ്യാർത്ഥികൾക്കു നൽകുന്നത്. ഈ പ്രസംഗ വിഷയവും മത്സരത്തിന് 10 മിനിറ്റ് മുമ്പു മാത്രമായിരിക്കും പങ്കെടുക്കുന്നവർക്കു നൽകുന്നത്.

ഭാഷ, ആശയം, അവതരണം വിഭജനം എന്നിവയാണ് പ്രസംഗ മത്സരത്തിനുള്ള വിലയിരുത്തൽ മാനദണ്ഡങ്ങൾ.

**5. സംഗീത മത്സരം**

എല്ലാ വിഭാഗത്തിലുമുള്ള സംഗീത മത്സരങ്ങൾക്ക് അനുവദനീയമായ സമയം 3 മിനിറ്റാണ്. മലയാള ക്രിസ്തീയ ഗാനങ്ങൾ മാത്രം ആലപിക്കാം. സ്വരങ്ങളും കീർത്തനങ്ങളും അനുവദനീയമല്ല. ശ്രുതി, ലയം, താളം, അവതരണം എന്നിവയാണ് വിലയിരുത്തൽ മാനദണ്ഡങ്ങൾ.

**6. സമൂഹഗാന മത്സരം**

സമൂഹഗാന മത്സരങ്ങൾക്ക് അനുവദനീയമായ സമയം 3 മിനിറ്റാണ്. ഒരു ഗ്രൂപ്പിൽ മൂന്നു പേരിൽ കൂടുതൽ അംഗങ്ങൾ പാടില്ല.

താഴെ പറയുന്ന ഗാനങ്ങൾ സമൂഹഗാനത്തിന് ഉപയോഗിക്കാം (ജൂണിയർ, സീനിയർ, ഹയർ സെക്കൻഡറി) സഭ ഔദ്യോഗികമായി അംഗീകരിച്ച ഈണത്തിൽ കേന്ദ്ര ഓഫീസിൽ നിന്നും ഗാനങ്ങൾ ലഭ്യമാക്കുന്നതാണ്.

1. കന്യകമറിയാമിന്നാൾ...
   (ജനനപ്പെരുന്നാൾ, മൂന്നാംമണി)
2. ഹാ! ബലഹീനൻ - ഞാൻ, നാഥാ നിന്നെ...
   (ജനനപ്പെരുന്നാൾ, രാത്രിപ്രാർത്ഥന ഒന്നാം കൗമ)
3. കർത്താവാണെന്നുടെ ഇടയൻ
   (വിശുദ്ധ കുർബാനക്രമം, പുതിയ എഡിഷൻ, കൈമുത്ത് ഗീതങ്ങൾ)
4. എബ്രായക്കാ - രവിടില്ലെന്നാലും...
   (വി. കുർബ്ബാനക്രമം, നിറം 3)
5. ന്യായാധിപനാഥാ ഈശോയെ...
   (ശവസംസ്കാരം - പുരുഷൻ: ഒന്നാം ശുശ്രൂഷ)
6. ഏകാത്മജദേവാ - ഞാൻ നിൻ-
   (ശ്ഹീമാ തിങ്കൾ, സൂത്താറാ, നിറം 6)

**7. പ്രസംഗത്തിനും സംഗീതത്തിനും സമയനിഷ്ഠയ്ക്കു പ്രത്യേകം മാർക്ക് ഉണ്ടായിരിക്കുന്നതാണ്. യൂണിറ്റുതലം മുതൽ മത്സരങ്ങൾക്ക് മൈക്ക് അനുവദനീയമാണ്. സമൂഹഗാനത്തിന് മൈക്ക് ഉപയോഗിക്കാതിരിക്കുന്നതാണ് അഭികാമ്യം.**

ആരെയും അയോഗ്യരാക്കുന്നതല്ല.

**8. വേദവാക്യം**

ഈ മത്സരത്തിന് ഒരു മണിക്കൂർ സമയത്ത് 50 ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. 'തങ്കവാക്യം' എന്ന പുസ്തകത്തിലെ ആദ്യ 25 വിഷയങ്ങൾ അടിസ്ഥാനമാക്കിയാണ് ജൂനിയർ വിഭാഗത്തിലെ മത്സരം. സീനിയർ, ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്ക് ഈ പുസ്തകത്തിലെ എല്ലാ വിഷയങ്ങളും ഉണ്ടാകും. ഓരോ തലത്തിലും ഒന്നും രണ്ടും സ്ഥാനത്ത് (ഉയർന്ന ആദ്യ രണ്ട് സ്കോറുകൾ) എത്തുന്നവർക്ക് അടുത്ത തല മത്സരത്തിൽ പങ്കെടുക്കാം. ഈ വർഷം ഇംഗ്ലീഷിലും ചോദ്യങ്ങൾ ലഭ്യമാകും.

**9. പൊതുവിജ്ഞാനം**

പൊതുവിജ്ഞാന മത്സരത്തിന് ഒരു മണിക്കൂർ സമയത്ത് 50 ചോദ്യങ്ങൾക്ക് ഉത്തരം കണ്ടെത്തണം. ഓരോ തലത്തിലും ഒന്നും രണ്ടും സ്ഥാനത്ത് (ഉയർന്ന ആദ്യ രണ്ട് സ്കോറുകൾ) എത്തുന്നവർക്ക് അടുത്ത തല മത്സരത്തിൽ പങ്കെടുക്കാം. പഴയനിയമം, പുതിയനിയമം, സഭാചരിത്രം, ആരാധന എന്നീ വിഷയങ്ങളിൽനിന്നും ചോദ്യമുണ്ടായിരിക്കും. ഈ വർഷം ഇംഗ്ലീഷ് പരിഭാഷയും ലഭ്യമാകും.

'തങ്കവാക്യങ്ങൾ', 'പൊതുവിജ്ഞാനം' എന്നീ പുസ്തകങ്ങൾ റഫറൻസ് പുസ്തകങ്ങളായി മാത്രം കണക്കാക്കുക.

**10. സോണൽ മത്സരങ്ങൾ**

| സോൺ | ഉൾപ്പെടുന്ന ഭദ്രാസനങ്ങൾ | ചീഫ് സൂപ്രണ്ടുമാർ |
|---|---|---|
| മലബാർ | സുൽത്താൻ ബത്തേരി, മലബാർ, കുന്നംകുളം | ഡോ. കെ.സി. ലോഫ്സൺ ഡയറക്ടർ, കുന്നംകുളം |
| നോർത്ത് | തൃശൂർ, കണ്ടനാട് W, കണ്ടനാട് E, കൊച്ചി, അങ്കമാലി | ശ്രീ. ഷിജി തോമസ് ഡയറക്ടർ, കൊച്ചി |
| സെൻട്രൽ | ഇടുക്കി, കോട്ടയം, കോട്ടയം സെൻട്രൽ, നിരണം | ശ്രീ വിനോദ് എം. സഖറിയ ഡയറക്ടർ, കോട്ടയം |
| സൗത്ത് സെൻട്രൽ | ചെങ്ങന്നൂർ, മാവേലിക്കര, റാന്നി-നിലയ്ക്കൽ, തുമ്പമൺ | ശ്രീ റോയി സാമുവേൽ ഡയറക്ടർ, മാവേലിക്കര |
| സൗത്ത് | അടൂർ-കടമ്പനാട്, കൊട്ടാരക്കര-പുനലൂർ, കൊല്ലം, തിരുവനന്തപുരം | ശ്രീ ജി. തോമസ് ഡയറക്ടർ, അടൂർ-കടമ്പനാട് |

സോണൽ തലത്തിലേക്ക് കേന്ദ്രത്തിൽനിന്നും ജഡ്ജസിനെ നിശ്ചയിച്ച് അയക്കുന്നതാണ്.

**ട്രൈബ്യൂണൽ (അപ്പീൽ കമ്മറ്റി):** മത്സരനടത്തിപ്പിൽ പരാതി ഉണ്ടായാൽ മൂന്നു പേരിൽ കുറയാത്ത അംഗങ്ങൾ അടങ്ങിയ ഒരു ട്രൈബ്യൂണലിനെ (അപ്പീൽ കമ്മറ്റി) താഴെ പറയുന്ന രീതിയിൽ നിയമിക്കേണ്ടതാണ്. ഡിസ്ട്രിക്ട് തലത്തിൽ ഡിസ്ട്രിക്ട് പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്നു ഹെഡ്മാസ്റ്റർമാരും ഭദ്രാസനതലത്തിൽ ഭദ്രാസന വൈസ്പ്രസിഡന്റും (അദ്ധ്യക്ഷൻ) മൂന്ന് ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാരും, സോണൽ തലത്തിൽ മത്സരം നടക്കുന്ന സ്ഥലത്തെ ഭദ്രാസന വൈസ് പ്രസിഡന്റും (അദ്ധ്യക്ഷൻ), മറ്റു മൂന്നു ഭദ്രാസന ഡയറക്ടർമാരും കമ്മറ്റി അംഗങ്ങളായിരിക്കണം. ചീഫ് സൂപ്രണ്ടായിരിക്കും ട്രൈബ്യൂണലിന്റെ കൺവീനർ. മത്സരങ്ങളുടെ നടത്തിപ്പു സംബന്ധിച്ചു പരാതി ഉണ്ടായാൽ വിധി പ്രഖ്യാപിക്കുന്നതിനു മുമ്പ് ചീഫ് സൂപ്രണ്ടിനെ രേഖാമൂലം അറിയിക്കേണ്ടതും ചീഫ് സൂപ്രണ്ട് ട്രൈബ്യൂണലിന്റെ ആലോചനയോടെ തീരുമാനം എടുക്കേണ്ടതുമാണ്. ട്രൈബ്യൂണലിന്റെ തീരുമാനം അന്തിമമായിരിക്കും. ഡിസ്ട്രിക്ട് തലത്തിൽ ഹെഡ്മാസ്റ്റർമാർക്കും ഭദ്രാസന തലത്തിൽ ഡിസ്ട്രിക്ട് ഇൻസ്പെക്ടർമാർക്കും സോണൽ തലത്തിൽ ഭദ്രാസന ഡയറക്ടർക്കുമാണു പരാതി നൽകാൻ അർഹതയുള്ളത്. സോണൽ ചീഫ് സൂപ്രണ്ടായി നിയമിക്കപ്പെടുന്ന ഡയറക്ടറുടെ ഭദ്രാസനത്തിൽ നിന്നു പരാതി ഉണ്ടായാൽ അത് ഭദ്രാസന സെക്രട്ടറി നൽകേണ്ടതാണ്. മറ്റു പരാതികൾ പരിഗണനാർഹമല്ല. ജഡ്ജസിന്റെ തീരുമാനം സംബന്ധിച്ചു പരാതിക്ക് അവകാശമില്ല. മാർക്ക് ടാബുലേറ്റ് ചെയ്യുവാൻ ഒന്നിലധികം അദ്ധ്യാപകരെ നിയോഗിക്കേണ്ടതും ചീഫ് സൂപ്രണ്ട് അതു പരിശോധിച്ചശേഷം മാത്രം ഫലം പ്രഖ്യാപിക്കേണ്ടതുമാണ്.

**വിജയികളുടെ പോയിന്റ്:** ഒന്നാം സ്ഥാനത്തിന് 5 പോയിന്റും രണ്ടാം സ്ഥാനത്തിന് 3 പോയിന്റും നൽകാം. പോയിന്റ് കണക്കാക്കാൻ എല്ലാ മത്സരങ്ങളും (ഔഗേൻ ബാവാ മെമ്മോറിയൽ ഉൾപ്പെടെ-യൂണിറ്റു തലം മുതൽ) പരിഗണിക്കണം.

**11. സൺഡേസ്കൂൾ പ്രതിഭാ മത്സരങ്ങൾ**

കേന്ദ്രതല പ്രതിഭാമത്സരങ്ങൾ (പ്രസംഗം, സംഗീതം) 2027 ജനുവരി 9 ന് ശനിയാഴ്ച ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടത്തും. മത്സരങ്ങൾ രാവിലെ 10 മണിക്ക് ആരംഭിക്കും. സോണൽതലത്തിൽ ഒന്നും രണ്ടും സ്ഥാനങ്ങൾ നേടുന്നവർക്ക് പ്രതിഭാ മത്സരങ്ങൾക്ക് പങ്കെടുക്കാം. വേദവാക്യം, പൊതുവിജ്ഞാനം എന്നിവയ്ക്ക് പ്രത്യേകം മത്സരം കേന്ദ്രതലത്തിൽ ഉണ്ടായിരിക്കുന്നതല്ല. ഇവയ്ക്ക് സോണൽ തലത്തിൽ കേന്ദ്രം നടത്തുന്ന മത്സരത്തിൽ ഏറ്റവും ഉയർന്ന സ്കോർ നേടുന്നവരെ പ്രതിഭകളായി പ്രഖ്യാപിക്കുന്നു. ഒരിക്കൽ പ്രതിഭാ സ്ഥാനം നേടിയവർക്ക് വീണ്ടും ആ ഇനത്തിൽ സ്കൂൾ തലം മുതൽതന്നെ മത്സരിക്കാൻ അനുവാദം ഉണ്ടായിരിക്കുന്നതല്ല.

പ്രതിഭകൾക്ക് നൽകുന്ന അവാർഡുകൾ താഴെ പറയുന്നവയാണ്.

| **വിഭാഗം** | **മത്സരം** | **അവാർഡ്** |
|---|---|---|
| സീനിയർ | സംഗീതം | ഗാനസുഗന്ധി |
| | പ്രസംഗം | വാഗ്മിതിലകം |
| | വേദവാക്യം | വേദവചനഭൂഷൺ |
| | പൊതുവിജ്ഞാനം | വിജ്ഞാനി |
| ഹയർസെക്കണ്ടറി | പൊതുവിജ്ഞാനം | പ്രവീൺ |

## മലങ്കര ഓർത്തഡോക്സ് ഗ്ലോബൽ ഓൺലൈൻ സൺഡേസ്കൂൾ (OGOSS)

മലങ്കര ഓർത്തഡോക്സ് ഗ്ലോബൽ ഓൺലൈൻ സൺഡേസ്കൂൾ (OGOSS) സേവനത്തിന്റെ നാലാം വർഷത്തിലേക്കാണ് കടന്നുപോകുന്നത്. ആരംഭം മുതൽ ഇതുവരെ 2,200-ലധികം വിദ്യാർത്ഥികൾ OGOSSൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ദേവാലയങ്ങളുടെ ആഭിമുഖ്യത്തിലുള്ള സൺഡേസ്കൂളുകളിൽ പങ്കെടുക്കാൻ സാധിക്കാത്ത ഓർത്തഡോക്സ് കുട്ടികൾക്ക് ഈ സംരംഭം വലിയ അനുഗ്രഹമായി മാറിയിട്ടുണ്ട്. 55-ലധികം രാജ്യങ്ങളിലും ഇന്ത്യയിലെ 23 സംസ്ഥാനങ്ങളിലുമായി പഠിതാക്കളെ ബന്ധിപ്പിക്കാൻ OGOSS ന് സാധിക്കുന്നു.

ആഗോളതലത്തിൽ നിന്നുള്ള 125-ലധികം അധ്യാപകരടങ്ങിയ ഫാക്കൽറ്റിയുടെ പിന്തുണ യോടെ, എല്ലാ വാരാന്ത്യങ്ങളിലും നാല് ബാച്ചുകളിലായി 70-ലധികം ക്ലാസുകൾ OGOSS വഴി നടത്തപ്പെടുന്നു. ഒന്നു മുതൽ പന്ത്രണ്ട് വരെയുള്ള ക്ലാസ്സുകളോടൊപ്പം ഒരു വർഷ ദൈർഘ്യ മുള്ള വേദപ്രവീൺ ഡിപ്ലോമ കോഴ്സും (XI, XII ക്ലാസുകൾ ഉൾപ്പെടുന്നു); 19 വയസും അതിനു മുകളുമുള്ള സഭയിലെ മുതിർന്ന അംഗങ്ങൾക്കായി X ക്ലാസ് സർട്ടിഫിക്കേഷൻ കോഴ്സും നൽകുന്നു. പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികൾക്കായി രൂപകൽപ്പന ചെയ്ത പ്രത്യേക SHAPHIRO (ഷാഫീറോ) സിലബസും OGOSS നൽകുന്നു.

OSSAE Exam App വഴി OGOSS വർഷത്തിൽ രണ്ട് ഓൺലൈൻ പരീക്ഷകൾ നടത്തുന്നു. അടുത്ത അർദ്ധവാർഷിക പരീക്ഷകൾ 2026 ജൂൺ 13, 14 തീയതികളിലും വാർഷിക പരീക്ഷ കൾ 2026 ഡിസംബർ 12, 13 തീയതികളിലും നടത്തപ്പെടും.

പ്രവേശനത്തിനോ സഹായത്തിനോ, ദയവായി OGOSS ഹെൽപ്ഡെസ്കുമായി ബന്ധ പ്പെടുക: +1 (585) 779-5302

## OVBS 2026

2025 ലെ OVBS അനുഗ്രഹപ്രദമായി പൂർത്തീകരിക്കുന്നതിൽ ഉത്സാഹിച്ച ഏവരോടു മുള്ള നന്ദി അറിയിക്കട്ടെ. 2026 ലെ OVBS വിജയപ്രദമാക്കുവാൻ എവരുടെയും സഹക രണം അഭ്യർത്ഥിക്കുന്നു. എല്ലാ യൂണിറ്റുകളിലും OVBS കാര്യക്ഷമമായി നടത്തുവാൻ വൈദി കരുടെ നേതൃത്വത്തിൽ OVBS സൂപ്രണ്ടിനെയും കൺവീനർമാരെയും അധ്യാപകരെയും തെരഞ്ഞെടുത്തു പ്രവർത്തനങ്ങൾ ആരംഭിക്കണം.

### ചിന്താവിഷയം

1 പത്രോസ് 5:8 നെ ആസ്പദമാക്കി 'ഉണർന്നിരിപ്പിൻ അനുഗ്രഹീതരാകാം' എന്ന ചിന്താ വിഷയമാണ് ഈ വർഷം സ്വീകരിച്ചിരിക്കുന്നത്. ഈ ചിന്താവിഷയവുമായി ബന്ധപ്പെട്ട് ആറു ഉപവിഷയങ്ങളാണ്, ഏഴ് ക്ലാസ്സുകളിലായി ആറു ദിവസം കുട്ടികൾ പഠിക്കുന്നത്.

### OVBS ആരംഭം

2026 **ഏപ്രിൽ 6 തിങ്കൾ മുതലുള്ള ദിവസങ്ങളിൽ** OVBS **നടത്താം.** എല്ലാ ഒ.വി.ബി.എസ്. മെറ്റീരിയൽസും അതിനു മുൻപായി ഓഫീസിൽ തയ്യാറായിരിക്കും. ഓരോ യൂണിറ്റുകളു ടെയും തീരുമാനത്തിന്റെ അടിസ്ഥാനത്തിലാണ് തീയതി നിശ്ചയിക്കേണ്ടത്. ഉദ്ഘാടനം,

തുടർന്ന് ആറു ദിവസത്തെ ക്ലാസ്സുകൾ, സമാപനം എന്നീ വിധത്തിൽ എട്ടു ദിവസങ്ങളായി OVBS ക്രമീകരിക്കണം. ഭദ്രാസന ഡയറക്ടറും ഡിസ്ട്രിക്റ്റ് ഇൻസ്പെക്ടറും ചേർന്നുള്ള വിധത്തിൽ യൂണിറ്റ് സന്ദർശനം പരിമിതപ്പെടുത്തണം.

## OVBS Materials

എല്ലാ വിദ്യാർത്ഥികൾക്കും Course Book, Song Book, Badge, Certificate എന്നിവ ഉണ്ടായിരിക്കും. Seeds, Roots, Buds വിദ്യാർത്ഥികൾക്ക് മനഃപാഠവാക്യത്തിന് സമ്മാനമായി Crown, Sticker എന്നിവ ഉണ്ടായിരിക്കും. ഈ വർഷം ധ്യാനസഹായി ഒരു യൂണിറ്റിന് രണ്ട് കോപ്പി വീതം നൽകും. എല്ലാ ക്ലാസ്സുകളിലെയും കുട്ടികൾക്ക് ഒരു പേനയും സമ്മാനമായി ലഭിക്കുന്നതാണ്. അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരേ Course Book തന്നെയാണ് ക്രമീകരിക്കുന്നത്. പാഠഭാഗങ്ങളുടെ ഉദ്ദേശ്യം മനസ്സിലാക്കി വിഷയത്തോടു നീതി പുലർത്തി ക്ലാസ്സുകളെടുക്കാൻ ശ്രദ്ധിക്കണം.

## ഗാനങ്ങൾ

പാട്ടു പുസ്തകത്തിൽ തന്നിട്ടുള്ളവയിൽ, പ്രാർത്ഥനാ ഗീതം, Theme Song, Marching Song എന്നിവ നിർബന്ധമായും പഠിപ്പിക്കണം. കേന്ദ്ര ഗാനപരിശീലന ക്യാമ്പ് ഈ വർഷം ദേവലോകം സൺഡേസ്കൂൾ കേന്ദ്ര ഓഫീസിൽവച്ചു നടക്കും. ഭദ്രാസനതല സീനിയർ സംഗീത മത്സരത്തിലും സമൂഹഗാന മത്സരത്തിലും ഹയർ സെക്കണ്ടറി വിഭാഗത്തിൽ സമൂഹഗാനത്തിലും വിജയികളായ വിദ്യാർത്ഥികളാണ് കേന്ദ്ര ഗാനപരിശീല ക്ലാസ്സിൽ പങ്കെടുക്കേണ്ടതും തുടർന്നു ഭദ്രാസന ഗാനപരിശീലനത്തിനു നേതൃത്വം കൊടുക്കേണ്ടതും.

## OVBS Teacher's Hand Book

OVBS Teacher's Hand Book എല്ലാ യൂണിറ്റുകളിലും രജിസ്റ്റർ ചെയ്ത എല്ലാ അധ്യാപകർക്കും ലഭ്യമാക്കുന്നതാണ്. Hand Book-ൽ എല്ലാ ക്ലാസ്സുകളിലെയും പാഠങ്ങളുടെ വിശദീകരണം അധ്യാപകർക്കു ലഭ്യമാക്കുകയാണ്. മറ്റു ക്ലാസ്സുകളിൽ പാഠങ്ങൾ എങ്ങനെ പുരോഗമിക്കുന്നു എന്ന് എല്ലാ അധ്യാപകരും മനസ്സിലാക്കുവാനാണ് ഇങ്ങനെ ചെയ്തിരിക്കുന്നത്. അധ്യാപകർക്കു ലഭിക്കുന്ന Teacher's Hand Book യൂണിറ്റ് ചുമതലക്കാരും അവരിൽനിന്നും വാങ്ങി മനസ്സിലാക്കുന്നതു നന്നായിരിക്കും.

OVBS ന്റെ പാഠ്യപദ്ധതിയിൽ നിലനിന്നുകൊണ്ട് ചിന്താവിഷയം കുട്ടികളുടെ മനസ്സിൽ ഉറയ്ക്കത്തക്ക രീതിയിൽ ബോധനരീതികൾ പ്രയോജനപ്പെടുത്തണം.

OVBS നടത്തുന്നത് ബഹു. വികാരിയുടെയും സഹപട്ടക്കാരുടെയും മേൽനോട്ടത്തിലാണ്. ഇടവക ഭാരവാഹികളും അധ്യാപകരും തമ്മിലുള്ള സഹകരണം OVBS ന്റെ വിജയത്തിന് അത്യന്താപേക്ഷിതമാണ്. യുവതലമുറയെ ദൈവബന്ധത്തിൽ ചേർത്തു നിർത്തുവാൻ പ്രാർത്ഥന അനിവാര്യമാണ്. അനുദിന ജീവിതത്തിൽ അവർ പ്രാർത്ഥനയെ സ്നേഹിക്കുന്നവരും പ്രാർത്ഥിക്കുവാൻ ഇഷ്ടമുള്ളവരും ആക്കിത്തീർക്കുവാൻ കാരുണ്യവാനായ ദൈവത്തോട് 'നമുക്ക് പ്രാർത്ഥിക്കാം', 'ഉണർന്നിരിക്കാം'.

സൺഡേസ്കൂളിന്റെ എല്ലാ പ്രവർത്തനങ്ങളിലും ദൈവകൃപയ്ക്കായി പ്രാർത്ഥിക്കാം. ദൈവം നമ്മെ ശക്തീകരിക്കട്ടെ.

സ്നേഹപൂർവ്വം

**ഫാ. ഡോ. വർഗീസ് വർഗീസ്**
ഡയറക്ടർ ജനറൽ

**അക്കൗണ്ട് നമ്പർ:** Bank: SBI, Branch: Devalokam. **കാണിക്ക, കവർ പിരിവ്, പരീക്ഷാ ഫീസ്:** A/c No. 57017053258. **ജീവകാരുണ്യം:** A/c No. 57017053485. **സൺഡേസ്കൂൾ മാസിക:** A/c No. 57017053779, IFSE: SBIN0070820 **ബാങ്കിൽ തുക അടച്ചതിനു ശേഷം** details **കേന്ദ്ര ഓഫീസ് സെക്രട്ടറിയെ** (9447094766) **നിർബന്ധമായും അറിയിച്ചിരിക്കണം.**